"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - മൺസൂൺ മുന്നൊരുക്കത്തിൻറെ ഭാഗമായി തീരദേശ പ്രദേശങ്ങളിൽ കടലാക്രമണത്തെ പ്രതിരോധിക്കാൻ ജിയോബാഗുകൾ ഉപയോഗിച്ചുള്ള താൽക്കാലിക തീരസംരക്ഷണ ഭിത്തികൾ നിർമ്മാണത്തിനായി എറണാകുളം ജില്ലാകളക്ടർക്ക് തുക അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.398/2025/DMD തീയതി,തിരുവനന്തപുരം, 18-06-2025

---

പരാമർശം:-

1. എറണാകുളം ജില്ലാകളക്ടറുടെ 24.03.2025 തീയതിയിലെ DCEKM/6109/2021-D2 നമ്പർ കത്ത്.
2. 26.04.2025 -ലെ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനം.

**ഉത്തരവ്**

2025 -ലെ മഴക്കാല മുന്നൊരുക്കത്തിന്റെ ഭാഗമായി തീരദേശ പ്രദേശങ്ങളിലെ കടലാക്രമണത്തെ പ്രതിരോധിക്കുന്നതിനായി ജിയോബാഗുകൾ ഉപയോഗിച്ചുള്ള താൽക്കാലിക തീരസംരക്ഷണ ഭിത്തികൾ നിർമ്മിക്കുന്നതിനുള്ള 19 പ്രവർത്തികൾ ഉൾപ്പെടുത്തിയുള്ള 312.63 ലക്ഷം രൂപയുടെ പ്രൊപ്പോസൽ അനുമതിക്കും ഫണ്ട് അനുവദിക്കുന്നതിനുമായി പരാമർശം (1) പ്രകാരം എറണാകുളം ജില്ലാകളക്ടർ സമർപ്പിച്ചിട്ടുണ്ട്.

പ്രസ്തുത പ്രെപ്പോസൽ 14/03/2025-ന് ചേർന്ന കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി പരിഗണിക്കുകയും പ്രൊപ്പോസലിന് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട .

സർക്കാർ ഇക്കാര്യം വിശദമായി പിശോധിച്ചു. എറണാകുളം ജില്ലയിലെ കടലാക്രമണത്തെ പ്രതിരോധിക്കുന്നതിനായി ജിയോബാഗുകൾ ഉപയോഗിച്ച് 19 താൽക്കാലിക തീരസംരക്ഷണ ഭിത്തികൾ നിർമ്മിക്കുന്നത് ഭരണാനുമതി നൽകികൊണ്ടും. ആയതിലേയ്ക്കായി ₹312.63 ലക്ഷം രൂപ (മൂന്ന് കോടി പന്ത്രണ്ട് ലക്ഷത്തി അറുപത്തി മൂവ്വായിരം രൂപ മാത്രം) 2245-02-101-94-01-F—Other items എന്ന ശീർഷകത്തിൽ നിന്നും എറണാകുളം ജില്ലാ കലക്ടർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

നടപ്പ് സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രൊവിഷനിൽ നിന്ന് തുക വിനിയോഗിക്കേണ്ടതാണ്. സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ മാനദണ്ഡപ്രകാരം മാത്രം തുക വിനിയോഗിക്കേണ്ടതും തുകയുടെ വിനിയോഗം സംബന്ധിച്ച വിവരം NDMIS പോർട്ടലിൽ രേഖപ്പെടുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

BINDU C VARGHESE

അഡിഷണൽ സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),(എ&ഇ) കേരള, തിരുവനന്തപുരം

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം

കമ്മീഷണർ, ദുരന്ത നിവാരണം

ജില്ലാകളക്ടർ, എറണാകുളം

മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
ട്രഷറി ഡയറക്ടർ,തിരുവനന്തപുരം
പൊതുജന സമ്പർക്ക വകുപ്പ്(Web and New Media)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Sivaprasad V N
Date: 18-06-2025 19:03:49
സെക്ഷൻ ഓഫീസർ